നിയമനം

*വ്യ ര ം. (വ്യൻ) ശ്രീ. ടി. എസ്സ് ബന്ധു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹൈസ്കൂളുകളിൽ ഭാഷാദ്ധ്യാപകന്മാരെ നിയമിക്കുവാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം നല്കിയിട്ടുണ്ടോ;

(ബി) കുന്നംകുളം ഗേൾസ് ഹൈസ്കൂളിൽ അടുത്ത അവസരത്തിൽ ഒരു വനിതയെ ഹിന്ദി അദ്ധ്യാപികയായി നിയമിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ ആ നിയമനം നടത്തിയത് വിദ്യാഭ്യാസ മേലദ്ധ്യക്ഷനോ സർവ്വീസ് കമ്മീഷനോ;

(സി) നിയമിക്കപ്പെട്ട ആളുടെ പരീക്ഷായോഗ്യത എന്തെല്ലാമാണ്;

(ഡി) കൂടുതൽ പരീക്ഷായോഗ്യതയുള്ള വനിത ആ ജോലിക്ക് അപേക്ഷകയായിരുന്നില്ലേ;

(എഫ്) എന്താണ് കുറഞ്ഞ പരീക്ഷായോഗ്യതയുള്ളവരെ നിയമിക്കുവാൻ കാരണം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവുകൊണ്ടു് പാർട്ടടയിം അദ്ധ്യാപകന്മാരായി തല്ക്കാലത്തേക്ക് ഹിന്ദിഭാഷാദ്ധ്യാപകരെ നിയമിക്കുവാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരം നല്കിയിട്ടുണ്ടു്.

(ബി) കുന്നംകുളം ഗേൾസ് ഹൈസ്കൂളിൽ നിയമിച്ചിട്ടുണ്ടു്.

(സി) വിദ്യാഭ്യാസ മേലദ്ധ്യക്ഷനാണു് നടത്തിയതു്.

(ഡി) നിയമിക്കപ്പെട്ട ആൾ (മിസ്സു് മേരി പി. ഈപ്പൻ) കൊച്ചിൻ എസ്. എസ്. എൽ. സി. പരീക്ഷ പാസാകുകയും ഹിന്ദി പ്രവേശിക പരീക്ഷക്കിരിക്കുകയും ചെയ്തിട്ടു്.

(ഇ) നിയമനം നടത്തിയ അവസരത്തിൽ കൂടുതൽ പരീക്ഷായോഗ്യതയുള്ള വേറെ ഒരു വനിതയുടേയും അപേക്ഷ കിട്ടിയിരുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പിരിച്ചുവിടപ്പെട്ട അദ്ധ്യാപകർ

*൭ ര ക. (൯ക) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ഷിഫ്റ്റു് സിസ്റ്റംമൂലം പിരിച്ചുവിടപ്പെട്ട അദ്ധ്യാപകരിൽ ഇനി എത്ര പേർക്കു് ജോലി കൊടുക്കാനുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഷിഫ്റ്റു് സിസ്റ്റവും നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസവും നടപ്പിൽ വരുത്തിയതുമൂലം ജോലി ഇല്ലാതായിത്തീർന്ന അദ്ധ്യാപകരിൽ ൨൨൨ പേർക്കു് ഇനിയും ജോലി കൊടുക്കാനുണ്ടു്. ഷിഫ്റ്റു് സിസ്റ്റത്തിന്റെ മാത്രം പ്രത്യേകിച്ചു കണക്കു തയ്യാറായിട്ടില്ല.

ഗ്രാന്റു്

*വ്യ ര൨. (൯൨) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly